പട്ടികജാതി കോളനികളുടെ നവീകരണം

339 (1028) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടി രൂപ ചെലവഴിച്ച് പട്ടികജാതി കോളനികൾ നവീകരിക്കുന്ന പദ്ധതി 2015- 16 വർഷത്തിൽ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) അമ്പലപ്പുഴ നിയമസഭാ മണ്ഡലത്തിൽ സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെട്ടത്തി ഏതെല്ലാം കോളനികൾ നവീകരിക്കുന്നുണ്ട്; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

ഉത്തരം

(എ) പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിലെ പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിച്ചശേഷം മാത്രമേ പുതിയ കോളനികളെ തെരഞ്ഞെടുക്കുന്ന വിഷയം പരിഗണിക്കുകയുള്ളൂ.

(ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി പ്രകാരം മണ്ണംപുറം കോളനിയിലെ വികസന പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. കോളനിയിൽ വീട് മെയിന്റനൻസ്, ഇന്റർലോക്ക്, കമ്മ്യൂണിറ്റി ഹാൾ നവീകരണം, സോളാർ ലാമ്പ് 10 എണ്ണം എന്നിവ പൂർത്തിയാക്കി. റോഡ് പണി, സൈഡ് കെട്ട്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. നടപ്പുസാമ്പത്തിക വർഷം പ്രവർത്തനം പൂർത്തീകരിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. 65 ലക്ഷം രൂപ കോളനിയിലെ വികസന പ്രവർത്തനങ്ങൾക്കായി നിർവ്വഹണ ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly